

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 2026

# ഉള്ളടക്കം


1. പ്രാഥമിക വിവരങ്ങൾ
2. ആമുഖം
3. പൊതുലക്ഷ്യങ്ങൾ
4. സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി.
5. സ്കൂൾ വികസന പദ്ധതി.
6. വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ - നിലവിലെ അവസ്ഥ
7. ഹൈടെക് സംവിധാനങ്ങളും ഉപയോഗങ്ങളും
8. ആരോഗ്യ കായിക വിദ്യാഭ്യാസം
9. കലാപഠനം
10. പ്രീ. പ്രൈമറി ക്ലാസ്സ്
11. ഗണിതം
12. പരിസരപഠനം
13. ഇംഗ്ലീഷ്
14. മലയാളം
15. ഉപസംഹാരം

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 - 2026

| | | |
|---|---|---|
| റവന്യൂ ജില്ല | - | കോട്ടയം |
| സ്കൂൾ കോഡ് | - | 33415 |
| സ്കൂളിന്റെ പേര് | - | കഞ്ഞിക്കുഴി എൽ. പി. എസ് |
| പിൻകോഡ് | - | 686010 |
| ഫോൺ നമ്പർ | - | 9605142215 |
| ഇ മെയിൽ | - | kanjikuzhylps@gmail.com |
| ഗ്രാമപഞ്ചായത്ത് | - | വിജയപുരം |
| വിദ്യാഭ്യാസ ജില്ല | - | കോട്ടയം |
| സബ് ജില്ല | - | കോട്ടയം ഈസ്റ്റ് |
| മാനേജ്മെന്റ് | - | സിംഗിൾ മാനേജ്മെന്റ് |
| ക്ലാസുകൾ | - | 1 മുതൽ 4 വരെ |
| പഠനമാധ്യമം | - | മലയാളം |

## ആമുഖം

1879-ൽ മിഷനറിമാരാൽ സ്ഥാപിതമായ കഞ്ഞിക്കുഴി എൽ.പി. സ്കൂൾ കാലങ്ങളായി സെന്റ് പീറ്റേഴ്സ് മാർത്തോമ ഇടവകയുടെ ചുമതലയിൽ പ്രവർത്തിച്ചു വരുന്നു. കോട്ടയം ജില്ലയിലെ വിജയപുരം പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് കളത്തിപ്പടിയിൽ അനേകായിരങ്ങൾക്ക് അക്ഷരവെളിച്ചം പകർന്ന് നിലകൊള്ളുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്നുള്ള വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കുന്നതിനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. സ്കൂളിന്റെ ഭൗതിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി PTA. വിജയപുരം പഞ്ചായത്ത് പൂർവ്വവിദ്യാർത്ഥികൾ മാതാപിതാക്കൾ എന്നിവർ സഹകരിച്ച് പ്രവർത്തിച്ചു വരുന്നു.

കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ പരിഹാരമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു. കുട്ടികളെ ആകർഷിക്കുന്നതിനായി ചുമരുകൾ ചിത്രങ്ങളാൽ മനോഹരമാക്കിത്തീർത്തിരിക്കുന്നു.

കുട്ടികളുടെ ശാരീരിക മാനസിക ഉല്ലാസത്തിനായി റൈഡുകളും സൈക്കിൾ. കായിക വിനോദ ഉപകരണങ്ങൾ എന്നിവ സ്കൂളിൽ ലഭ്യമാക്കി. എല്ലാ ക്ലാസ് മുറികളിലും കുട്ടികൾ-ക്കിരിക്കാൻ പെയിന്റടിച്ച് മനോഹരമാക്കിയ ബെഞ്ചുകളും ഡെസ്കുകളും ലഭ്യമാക്കിയിട്ടുണ്ട്. ക്ലാസ് മുറികളിലെല്ലാം തന്നെ ലൈറ്റുകളും ഫാനുകളും ക്രമീകരിച്ചിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഭംഗിയായും അക്ഷരത്തെറ്റില്ലാതെയും ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവ് ഉറപ്പുവരുത്തും.

2. ഗണിതശേഷികൾ കൈവരിച്ച് അത് നിത്യജീവിതത്തിൽ പ്രയോഗിക്കുവാൻ അവരെ സഹായിക്കത്തക്ക രീതിയിൽ വേണ്ട പരിപാലനം നൽകും.

3. ജലം, മരം, മണ്ണ്, ജീവജാലങ്ങൾ ഇവയൊക്കെ പ്രകൃതിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണെന്നും അവയെ നമ്മൾ പരിരക്ഷിക്കണമെന്നുമുള്ള ഒരു സാമൂഹ്യബോധം അവരിൽ വളർത്തിയെടുക്കും.

4. ഓരോ ക്ലാസിലെയും പഠനം അവസാനിക്കുമ്പോൾ അതാത് ക്ലാസിൽ നേടേണ്ട ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തും.

5. സർഗ്ഗാത്മകതയ്ക്കും കായികക്ഷമതയ്ക്കും വേണ്ട പ്രാധാന്യം നൽകി കുട്ടികൾക്ക് അതിനുള്ള പരിശീലനം നൽകും.

6. സമൂഹത്തിന് ഉതകുന്ന ഒരു പൗരനായി വളർന്നു വരുവാനുള്ള പരിശീലനത്തിന്റെ അടിത്തറ ഇവിടെ നിന്ന് നേടുമെന്ന് ഉറപ്പുവരുത്തും.

# സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി

## കഞ്ഞിക്കുഴി എൽ.പി.എസ് വട്ടവാതുർ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതിയുടെ ഭാഗമായി നമ്മുടെ വിദ്യാലയങ്ങൾ ഭൗതികമായും അക്കാദമികമായും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തപ്പെടേണ്ടതുണ്ട്. എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി വിദ്യാലയത്തെ മാറ്റിയെടുക്കുന്നതിനും പൊതുസമൂഹത്തിന്റെ അറിവ് ഉറപ്പാക്കുന്നതിനും ഉതകുന്ന ഒരു രൂപരേഖയാണ് "സമഗ്രഗുണമേന്മ വിദ്യാലയ വികസന രേഖ" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അടുത്ത അഞ്ച് വർഷത്തെ മുന്നിൽ കണ്ടുകൊണ്ടാണ് സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ഓരോ ക്ലാസ്സിലും കുട്ടി നേടേണ്ട ശേഷികളും കഴിവുകളും ധാരണകളും നേടി എന്ന് ഉറപ്പുവരുത്തുക. കണക്ക്, ശാസ്ത്രം, ഐ.ടി എന്നീ വിഷയങ്ങളിലെ വൈദഗ്ധ്യവും ചുരുങ്ങിയത് മാതൃഭാഷയിലും ആംഗലേയ ഭാഷയിലുമുള്ള ആശയ വിനിമയ ശേഷിയും ഭാഷാജ്ഞാനവും സർഗാത്മകമായ കഴിവുകളുടെ വികാസം ഉയർന്ന നിലവാരത്തിലേക്ക് പഠിപ്പിനെ ഉയർത്താൻ തക്കവിധത്തിൽ അധ്യാപകർക്ക് ഉയർന്ന നിലവാരത്തിലുള്ള പരിശീലനങ്ങൾ, പഠന നിലവാരം ഉയർത്തുന്നതിനു സഹായകമായ ഭൗതിക സാംസ്കാരിക സൗകര്യങ്ങൾ. കാർഷികസംസ്കാരം വളർത്തിയെടുക്കൽ മാലിന്യവർജ്ജനം ഒരു സംസ്കാരികമായി രൂപപ്പെടുത്തിയെടുക്കൽ

ലഹരി വിമുക്ത മനോഭാവം, പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം, വിദ്യാലയാന്തരീക്ഷം തന്നെ പാഠപുസ്തകമാക്കൽ, കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കൽ, [illegible], വിദ്യാലയ ലൈബ്രറി ആധുനിക വൽക്കരിക്കൽ, കലാകായിക സംസ്കാരം വളർത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കൽ തുടങ്ങിയവയാണ് വിദ്യാലയ വികസന പദ്ധതി ലക്ഷ്യമിടുന്നത്.

ലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തിക്കാൻ രക്ഷകർത്താക്കളുടെയും അധ്യാപകരുടെയും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹായ സഹകരണം പ്രതീക്ഷിക്കുന്നു.

## സ്കൂൾ വികസന പദ്ധതി

### ലക്ഷ്യം

വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലൂടെ കേരളത്തിലെ ഏതൊരു കുട്ടിക്കും ലോകത്തെവിടെയുമുള്ള സമപ്രായക്കാരായ വിദ്യാർത്ഥിക്കൂട്ടമായി അക്കാദമിക് നിലവാരത്തിന്റെ കാര്യത്തിൽ ഒപ്പമെത്താൻ കഴിയണം. ഇത് സാധ്യമാക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസ പദ്ധതികൾ ഇതിനായി രൂപപ്പെടുത്തിയെടുക്കണം. പഠനപ്രക്രിയ, പഠനസാമഗ്രികൾ, വിലയിരുത്തൽ, പരിഹാരബോധനം, മോണിറ്ററിംഗ്, ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം, സാമൂഹിക പങ്കാളിത്തം എന്നിവയിലെല്ലാം മെച്ചപ്പെടുത്തൽ ആവശ്യമാണ്. അങ്ങനെ മികച്ച ജീവിത വീക്ഷണവും മാനവിക മൂല്യങ്ങളും ഉള്ള നല്ലൊരു തലമുറയെ ഇതിലൂടെ വളർത്തിയെടുക്കുക എന്നതായിരിക്കണം ഈ പദ്ധതിയുടെ ലക്ഷ്യം.

## സ്കൂളിന്റെ ഇന്നത്തെ അവസ്ഥ

### അക്കാദമികം

വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനാവശ്യമായ ധാരാളം പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തിവരുന്നുണ്ട്. 'ഹലോ ഇംഗ്ലീഷ്' പദ്ധതിയിലൂടെ ഇംഗ്ലീഷ് ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് സ്കിറ്റുകൾ, വേർഡ് ഗെയിം, സ്റ്റോറി ടെല്ലിങ്, ആക്ഷൻ സോങ്സ്, റോൾ പ്ലേ

തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഭാഷാവികസനത്തിനായി ലൈബ്രറി പുസ്തകവായന, വാർത്താവായന, വായനാമത്സരങ്ങൾ, യാത്രാവിവരണങ്ങൾ, തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് എല്ലാ കുട്ടികൾക്കും മലയാളം തെറ്റ് കൂടാതെ എഴുതാനും വായിക്കാനും ശേഷി ഉണ്ടാക്കുക, എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കി മാറ്റുക, കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക, ക്ലാസ്സ് ലൈബ്രറി പരമാവധി പ്രയോജനപ്പെടുത്തുക, കുട്ടികളുടെ കലാകായികശേഷി വർദ്ധിപ്പിക്കുക, എല്ലാ കുട്ടികൾക്കും വായനാശാലയിൽ അംഗത്വം നൽകുക എന്നീ ലക്ഷ്യങ്ങൾക്ക് മുൻഗണന നൽകി പ്രവർത്തനങ്ങൾ നൽകി വരുന്നു.

ശാസ്ത്രവിഷയങ്ങളിൽ താൽപര്യം ജനിപ്പിക്കാൻ യുറീക്ക, ശാസ്ത്ര- ഗണിതശാസ്ത്ര ക്വിസ് മത്സരങ്ങൾ എന്നിവയും നടത്തുന്നു. ദിനാചരണങ്ങളോടനുബന്ധിച്ച് ക്വിസ് മത്സരങ്ങളും, ചിത്രരചനാ മത്സരങ്ങളും നടത്തിവരുന്നു. സാമൂഹ്യബോധത്തിനായി ഓണാഘോഷ പരിപാടികൾ, ക്രിസ്തുമസ് ആഘോഷങ്ങൾ, ശിശുദിനാഘോഷം, സ്വാതന്ത്ര്യദിനാഘോഷം തുടങ്ങിയവയെല്ലാം സ്കൂളിന്റെയും നാടിന്റെയും ഉത്സവമാക്കി മാറ്റുന്നു. കൂടാതെ പ്രതിഭകളായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുകയും, LSS പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നു. കുട്ടികളിൽ സാമൂഹിക പ്രതിബദ്ധതയും ജീവിതസ്നേഹവും വളർത്തുകയും പരിസ്ഥിതി സ്നേഹമുള്ളവരാക്കുകയും ചെയ്യുന്നു.

രക്ഷിതാക്കളെ സ്കൂളുമായി കൂടുതൽ പങ്കാളികളാക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുകയും എല്ലാ രക്ഷിതാക്കളുടെയും പങ്കെടുപ്പിക്കുകയും ചെയ്യുന്നു.

## ഭൗതികം

ഇന്ന് വിദ്യാലയത്തിന് സ്വന്തമായി വിശാലമായ ക്ലാസ്സ്റൂമുകളും, ഒരു ഹെഡ്മാസ്റ്റർ മുറിയുമുണ്ട്. ഉച്ചഭക്ഷണം പാകം ചെയ്യുന്നതിന് വൃത്തിയുള്ളതും അടച്ചുറപ്പുള്ളതുമായ ഒരു പാചകപ്പുരയുമുണ്ട്. കുട്ടികൾക്ക് തിളപ്പിച്ചാറിയ കുടിവെള്ളം നൽകിവരുന്നു. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ ആവശ്യമായ ടോയ്‌ലറ്റും ഉണ്ട്. ശിശുസൗഹൃദ അന്തരീക്ഷം, പ്രദേശത്തെ സസ്യപ്രകൃതി എന്നിവ വിദ്യാലയത്തിന് മാറ്റുകൂട്ടുന്നു.

## സാമൂഹികം

സ്കൂളിന്റെ നല്ല നിലയിലുള്ള പ്രവർത്തനത്തിന് ത്യാഗ നിർഭരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പി.ടി.എയും, മദർ പി.ടി.എയും ഉണ്ട്. നല്ലവരായ ചില വ്യക്തികളും അധ്യാപകരും ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റുകൾ പഠനത്തിൽ മികവ് പുലർത്തുന്ന എല്ലാ കുട്ടികൾക്കും നൽകി വരുന്നു.

### കുട്ടികളുടെ എണ്ണം - 2024-25

| വിഭാഗം | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 3 | 4 | 5 | 7 | 3 | - | 2 | 1 |
| ആകെ | 7 | | 12 | | 3 | | 3 | |

2025 - 26

| വിഭാഗം | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 5 | 5 | 3 | 4 | 6 | 6 | 3 | - |
| ആകെ | 10 | | 7 | | 12 | | 3 | |

കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായി എന്നത് ഒരു നേട്ടമാണ്.

## അധ്യാപകർ നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക നിയമനങ്ങൾ | 3 വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം. |
|---|---|---|---|---|
| എൽ.പി വിഭാഗം | 4 | 1 | 3 | 3 |

കഴിഞ്ഞവർഷം അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ ലഭിച്ചിട്ടുണ്ട്. അവധിക്കാല പരിശീലനത്തോടൊപ്പം ഐ.ടി പരിശീലനങ്ങളും ഇതര ആസൂത്രണങ്ങളും നടന്നിട്ടുണ്ട്. ലഭ്യമായ പരിശീലനത്തിന്റെ വെളിച്ചത്തിൽ അത് കുട്ടികളിലേക്ക് എത്തിക്കാൻ അധ്യാപകർ കൂട്ടായി പരിശ്രമിച്ചിട്ടുണ്ട്.

## വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം - നിലവിലെ അവസ്ഥ

| വിഭാഗം | നിലവിൽ ഉള്ളത് | ഇനി ആവശ്യമുള്ളത്. |
|---|---|---|
| അഡീഷണൽ ക്ലാസ്മുറി | - | - |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | ഉണ്ട് | - |
| പെൺകുട്ടികൾക്കുള്ള പ്രത്യേക ടോയ്‌ലറ്റ് | ഉണ്ട് | - |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ള സൗകര്യം | ഉണ്ട് | - |
| പ്രധാന അധ്യാപകമുറി | ഉണ്ട് | - |
| ചുറ്റുമതിൽ | ഉണ്ട് | - |
| കളിസ്ഥലം | ഉണ്ട് | - |
| അടുക്കള | ഉണ്ട് | - |

## വിദ്യാലയത്തിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിൽ ഉള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ - ഡസ്ക് ടോപ്പ് | ഇല്ല | - |
| ലാപ്ടോപ്പ് | 1 | 3 |
| റേഡിയോ | ഇല്ല | വേണം |
| ടി.വി | ഇല്ല | വേണം |
| വിക്ടർ ചാനലിന്റെ ലഭ്യത | ഇല്ല | - |
| ഡി.വി.ഡി. പ്ലേയർ | ഇല്ല | - |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | - |
| വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ് | ഇല്ല | |
| ബ്ലോഗ് | ഇല്ല | - |
| ഇ-മെയിൽ ഐ.ഡി | ഉണ്ട് | - |
| സ്മാർട്ട് ക്ലാസ് റൂം | ഇല്ല | - |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | ഇല്ല | - |

## സ്കൂൾ വികസന പദ്ധതി

ഗൃഹസന്ദർശനം

ഉദ്ദേശ്യം : അധ്യാപകർക്ക് പൊതുസമൂഹവുമായി നല്ല ബന്ധം സ്ഥാപിക്കുകയും അതിലൂടെ വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം വർദ്ധിപ്പിക്കുന്നതിനും

| പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| എസ് ആർ ജി യോഗം സന്ദർശന ചാർട്ട് | എസ് ആർ ജി യോഗം ചേർന്ന് ഗൃഹസന്ദർശനവുമായി ബന്ധപ്പെട്ട പദ്ധതി തയാറാക്കുന്നു. | മാർച്ച് അവസാനവാരം | എസ് ആർ ജി |
| അവധിക്കാല സന്ദർശനം | ഒന്നാം ക്ലാസിലേക്കും മറ്റ് ക്ലാസിലേക്കും ചേരുന്ന കുട്ടികളുടെ വീടുകൾ സന്ദർശിക്കുന്നു. | ഏപ്രിൽ - മെയ് | എസ് ആർ ജി പി.ടി.എ |
| ഗൃഹ പര്യടനം | വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും വീടുകൾ അധ്യാപകർ, പി.ടി.എ അംഗങ്ങൾ എന്നിവർ സന്ദർശനം നടത്തൽ. | മെയ് | പി.ടി.എ അധ്യാപകർ |
| അവലോകനം | സന്ദർശനത്തിലൂടെ ലഭിച്ച ഓരോ കുട്ടിയുടെയും ഗാർഹിക അന്തരീക്ഷം അവലോകനം ചെയ്യുന്നു. രക്ഷിതാക്കളിലും നാട്ടുകാരിലും വിദ്യാലയത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ചർച്ച ചെയ്ത് വിലയിരുത്തുന്നു. തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | മെയ് | പി.ടി.എ എസ് ആർ ജി |

## ബോധവൽക്കരണ ക്ലാസ്സുകൾ

ഉദ്ദേശ്യം : രക്ഷിതാക്കൾക്കും, കുട്ടികൾക്കും വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിലൂടെ സമൂഹത്തിനും അതിലുപരി വിദ്യാർത്ഥികൾക്കും നല്ല മനോഭാവം വളർത്തിയെടുക്കുക.

| പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| കൂടിയാലോചനാ യോഗം | ഈ അധ്യയന വർഷം വിദ്യാലയത്തിൽ നടത്തുന്ന വിവിധ ബോധവൽക്കരണ ക്ലാസ്സുകളെക്കുറിച്ച് പ്രാഥമിക കൂടിയാലോചനാ യോഗം നടത്തുന്നു. | മെയ് അവസാന വാരം | HM ആരോഗ്യ ക്ലബ്ബ് |
| പകർച്ച വ്യാധികളും രോഗപ്രതിരോധ സംവിധാനങ്ങളും - ക്ലാസ് | മഴക്കാലവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന വിവിധ രോഗങ്ങളെക്കുറിച്ചും ക്ലാസ് സംഘടിപ്പിക്കുന്നു | ജൂലൈ | HM |
| കൃഷിപരിപാലനം | ജൈവ കൃഷി, കൃഷി പരിപാലനം, കീട നിയന്ത്രണം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് ഏകദിന പ്രവർത്തനങ്ങൾ, പരിശീലനം | ആഗസ്റ്റ് | HM |
| നല്ല ആരോഗ്യ ശീലങ്ങൾ - വിവിധ ക്ലാസും അറിവുകളും | നല്ല ആരോഗ്യം എങ്ങനെ വളർത്തിയെടുക്കാം എന്നതിനെക്കുറിച്ച് വിശദമായ ക്ലാസ് | നവംബർ | HM അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | ടാലന്റ് ലാബ് പ്രവർത്തനങ്ങൾ | | |
| | സ്കൂളിൽ വരുന്ന ഓരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും | * പലവിഷയങ്ങളെ ആസ്പദമാക്കി പല വിവരങ്ങൾ തയ്യാറാക്കുന്നതിനും പ്രസംഗങ്ങൾ രൂപപ്പെടുത്തുന്നതിനും അവ സ്കൂൾ അസംബ്ലിയിലും സമ്മേളനങ്ങളിലും മൈക്രോഫോണിന്റെ സഹായത്തോടെ അവതരിപ്പിക്കുന്നതിനുമുള്ള പരിശീലനം നൽകുന്നു.<br>* പാഠഭാഗങ്ങളിലൂടെ ഉരുത്തിരിയുന്ന കഥകൾ, കവിതകൾ, നാടകങ്ങൾ ഇവ സോഷ്യൽ മീഡിയയിൽ അപ്‌ലോഡ് ചെയ്യുന്നു.<br>* സാഹിത്യസമാജത്തിലൂടെ തന്റെ സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കുവാൻ കുട്ടികൾക്കവസരം ഒരുക്കുന്നു. | ദീർഘകാല പ്രവർത്തനങ്ങൾ. | |

| | | | | |
|---|---|---|---|---|
| | വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകൽ നല്ല വ്യക്തി-ത്വമുള്ളവരാ-ക്കാൻ | * കുട്ടികൾക്കു കളിക്കുവാനായി ഗ്രൗണ്ടുകൾ ഒരുക്കിയിട്ടുണ്ട്.<br>* തണൽമരങ്ങൾ ചുറ്റിനുമുണ്ട്.<br>* കായിക പരിശീലനം, സൈക്കിൾ പരിശീലനം മുതലായവ ഒരുക്കുന്നു.<br>* ആർട്ട് ക്ലാസ്സുകൾ ആഴ്ചയിലൊരിക്കൽ സംഘടിപ്പിക്കുന്നു.<br>* ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ.<br>* ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്ന-പരിഹാരം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ വ്യക്തിഗത കൗൺസിലിംഗ്. | ദീർഘകാലം | അധ്യാപ-കർ<br>HM<br>കൗൺസിലർ |

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള കൂട്ടായ്മ സംവിധാനങ്ങൾ - നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| എസ്. ആർ. ജി | സ്കൂൾതല പ്രവർത്തനങ്ങൾ (പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങൾ) മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് എസ്. ആർ. ജി കൂടുന്നത്. സ്കൂൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും, കൃത്യ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും എസ്. ആർ. ജി എല്ലാ ആഴ്ചയിലും കൂടുന്നു. |
| പി. ടി. എ | സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളിലും, സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളിലും രക്ഷിതാക്കളുടെ സാന്നിദ്ധ്യം ഉറപ്പാക്കാൻ പി.ടി. എയ്ക്ക് കഴിഞ്ഞിട്ടുണ്ട്. |
| എം. പി. ടി. എ | സ്കൂൾ പ്രവർത്തനങ്ങളിൽ പി. ടി. എ യോടൊപ്പം നിന്നു പ്രവർത്തിക്കാൻ ശക്തമായ ഒരു എം. പി. ടി. എ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സ്കൂൾ വികസന സമിതി<br>ജാഗ്രതാ സമിതി | സ്കൂളിന്റെ വിവിധ പ്രവർത്തനങ്ങളിൽ പങ്കെടുത്തു കൊണ്ട് തങ്ങളുടെ പിന്തുണ നൽകാൻ, ഒപ്പം സാമൂഹിക പിന്തുണ ഉറപ്പാക്കാൻ ഈ സമിതികൾക്ക് കഴിഞ്ഞിട്ടുണ്ട്. |

## ക്ലബ്ബ് പ്രവർത്തനങ്ങൾ

| | |
|---|---|
| പരിസ്ഥിതി ക്ലബ്ബ് | പരിസ്ഥിതി ക്വിസ്, പരിസ്ഥിതി ദിനാചരണം, പരിസര ശുചീകരണം, ഹരിതവൽക്കരണം എന്നിവയോടൊപ്പം പച്ചക്കറികൃഷിയിലും സാന്നിദ്ധ്യം അറിയിച്ചിട്ടുണ്ട്. പരിസ്ഥിതി പ്രവർത്തനങ്ങൾ ക്ലബ്ബിലെ അംഗങ്ങൾ ഏറ്റെടുത്ത് നടത്തുക |
| ഗണിത ക്ലബ്ബ് | ഗണിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പിലാക്കുക. ഗണിതലാബ് വിപുലീകരിക്കുക. ഗണിത ക്വിസ് സ്കൂൾ തലത്തിൽ സംഘടിപ്പിക്കുക |
| വിദ്യാരംഗം കലാസാഹിത്യ വേദി | മാസത്തിലൊരിക്കൽ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എല്ലാ കുട്ടികളുടെയും കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുക. ക്ലബ്ബിന്റെ ഭാരവാഹികൾ അതിന്റെ റിപ്പോർട്ട് തയാറാക്കി സൂക്ഷിക്കുക. |
| സയൻസ് ക്ലബ്ബ് | സയൻസുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുക. ശാസ്ത്രമത്സരങ്ങൾ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും നടത്തുക |
| ലൈബ്രറി | കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി എല്ലാ ആഴ്ചയിലും പുസ്തകവിതരണം നടത്തി വായനാക്കുറിപ്പുകൾ തയാറാക്കിക്കുക. ലൈബ്രറി പുസ്തകങ്ങൾക്ക് പുറമെ പത്രവായന അസംബ്ലിയിൽ സംഘടിപ്പിക്കുന്നു. ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. |

| ലക്ഷ്യം | വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല/ വിഭവസമാഹരണം |
|---|---|---|---|---|
| കലാപരമായും കായികപരമായുമുള്ള അഭിരുചികൾ കണ്ടെത്തി വികസിപ്പിക്കലും മത്സരയിനങ്ങളിൽ പങ്കെടുപ്പിച്ച് വിജയം വരിക്കലും | കലാകായികം | 1. ചിത്രരചനാ മത്സരം<br>നിശ്ചിത വിഷയവുമായി ബന്ധപ്പെട്ട് ചിത്രരചനാ മത്സരങ്ങൾ നടത്തുന്നു. മികച്ച രചനകൾ കണ്ടെത്തുന്നു. | ഒരു വർഷം | അധ്യാപകർ |
| | | 2. പ്രദർശനം<br>കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം നടത്തുന്നു. രക്ഷിതാക്കൾക്ക് കാണാൻ അവസരം നൽകുന്നു. | | |
| നിർമ്മാണപരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കൽ. | പ്രവൃത്തി പരിചയം | 3. ചിത്രകാരന്മാരെ പരിചയപ്പെടൽ<br>ലോക പ്രശസ്ത ചിത്രകാരന്മാരുടെ ജീവചരിത്രം, ചിത്രങ്ങൾ എന്നിവ കാണിച്ചുകൊടുക്കുന്നു. ചിത്രങ്ങളുടെ പ്രദർശനം നടത്തുന്നു. | | |
| | | 4. ബാലസഭ<br>മാസത്തിലൊരു ദിവസം കുട്ടികളുടെ കലാപരിപാടികൾ ഉൾപ്പെടുത്തി ബാലസഭ നടത്തുന്നു. | | വിദ്യാരംഗം കലാസാഹിത്യ വേദി- ക്ലബ്ബ് |
| | | 5. കലാമേള<br>സ്കൂൾ, ഉപജില്ലാ കലാമേളകളിൽ മത്സരിച്ച് വിജയം നേടാനുള്ള പ്രവർത്തനങ്ങൾ ഒരുക്കും | ഒരു വർഷം | അധ്യാപകർ |
| | | 6. കായികമേള<br>സ്കൂൾ കായികമേള സംഘടിപ്പിക്കുന്നു. | ഒരു വർഷം | |

# ഹൈടെക് സംവിധാനങ്ങളും ഉപയോഗങ്ങളും

ലക്ഷ്യങ്ങൾ

എൽ.പി ക്ലാസ്സിൽ ഐ.സി.ടി അധിഷ്ഠിത ക്ലാസ്സ്റൂം മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് അക്കാദമിക നിലവാരം ഉയർത്തൽ.

പ്രവർത്തനങ്ങൾ

1. ഓരോ വിഷയവുമായി എങ്ങനെയെല്ലാം ഐ.സി.ടി പ്രയോജനപ്പെടുത്താമെന്ന് കണ്ടെത്തൽ.
2. ഓരോ ക്ലാസ്സിലേക്കും ആവശ്യമായ വീഡിയോ, ചിത്രങ്ങൾ, പാട്ടുകൾ, കഥകൾ തുടങ്ങിയവ കണ്ടെത്തി ഡൗൺലോഡ് ചെയ്ത് തരം തിരിച്ച് പെൻഡ്രൈവിൽ സൂക്ഷിക്കുന്നു. ഓരോ പാഠത്തിനും അനുയോജ്യമായ സന്ദർഭത്തിൽ ഉപയോഗിക്കുന്നു.
3. എല്ലാ ബുധനാഴ്ചകളിലും ഉച്ചയ്ക്ക് ഇടവേളകളിൽ ഇംഗ്ലീഷ് സംഭാഷണപരമായ വീഡിയോയുടെ പ്രദർശനവും അതിനെ അടിസ്ഥാനമാക്കി ഇന്ററാക്ഷൻ നടത്തുകയും ചെയ്യുന്നു. കുട്ടികളുടെ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ വികസിപ്പിക്കുന്നു.

| ലക്ഷ്യം | ടാർഗറ്റ് വിഭാഗം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 മുതൽ 4 വരെ ക്ലാസുകളിൽ ഐ. സി. ടി. അധിഷ്ഠിത ക്ലാസ്സ്റൂം മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് അക്കാദമിക നിലവാരം ഉയർത്തൽ | 1-4 വരെ ICT പഠനം | 1. വിഷയവുമായി ബന്ധപ്പെടുത്തി ICT കണ്ടെത്തൽ | മെയ് | ക്ലാസ്സ് അധ്യാപകർ | |
| | | 2. കവിത, ചിത്രം, വീഡിയോ ഡൗൺലോഡ് ചെയ്യൽ | മെയ് | | |
| | | 3. അനുയോജ്യ സന്ദർഭത്തിൽ ഉപയോഗം | വർഷം മുഴുവൻ | | |
| | | 4. ബുധനാഴ്ചകളിൽ ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് വീഡിയോ പ്രദർശനം, ഇംഗ്ലീഷ് കമ്യൂണിക്കേഷൻ | വർഷം മുഴുവൻ | | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

**ലക്ഷ്യം** -

* അച്ചടക്കം, ശാരീരിക മാനസിക വളർച്ച, പേശിവികാസം എന്നിവയുടെ അടിത്തറ രൂപപ്പെടുത്തൽ.
* കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുക.
* ശാരീരിക വളർച്ചക്ക് പോഷക പ്രധാനമായ ഭക്ഷണം നൽകൽ.

**പ്രവർത്തനം**

* കായിക പരമായി കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു.
* സബ് ജില്ലാ കായിക മേളക്ക് മുന്നോടിയായി കായികപരമായി കഴിവുള്ള കുട്ടികളെ കണ്ടെത്തി തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നു.

**മാസ്ഡ്രിൽ**

* സ്കൂളിലുള്ള മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി മാസ്ഡ്രില്ലിൽ പ്രാഥമിക പരിശീലനം നൽകുന്നു. തുടർന്ന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ക്ലാസ് തലത്തിൽ പരിശീലിപ്പിക്കുന്നു.

**ഉച്ചഭക്ഷണം**

* സർക്കാർ ധനസഹായത്തോടെ നൽകുന്ന ഭക്ഷണത്തോടൊപ്പം പ്രാദേശികമായി സമാഹരിക്കുന്ന അധിക വിഭവങ്ങളും ഉൾപ്പെടുത്തുന്നു. കൂടാതെ സ്കൂൾ വളപ്പിൽ പപ്പായ, വാഴ, വെണ്ട, തക്കാളി, പാവൽ, വഴുതന, പാവൽ, എന്നിവ കൃഷി ചെയ്യുന്നു.

# കലാപഠനം

## ലക്ഷ്യങ്ങൾ

* കുട്ടികളുടെ സർഗ്ഗശേഷി വികസനം
* പൊതുവേദികളിൽ നിസ്സങ്കോചം പങ്കെടുക്കുവാനുള്ള കഴിവ് നേടൽ.
* വ്യത്യസ്തങ്ങളായ കലാരൂപങ്ങൾ പരിചയപ്പെടൽ.
  പഠനനിലവാരം ഉയർത്തൽ.

## പ്രവർത്തനങ്ങൾ

* ഒന്നാം തരം, രണ്ടാം തരം ബാലസഭ രൂപീകരിക്കുന്നു. ആഴ്ചയിലെ അവസാന ദിവസം ക്ലാസ്സ് തലത്തിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നു. ക്ലാസ്സ് റൂം പ്രവർത്തനത്തിന്റെ ഭാഗമായി രൂപപ്പെട്ട സ്കിറ്റ്, കഥ, കവിത എന്നിവയും മറ്റ് പരിപാടികളും അവതരിപ്പിക്കുന്നു.

3,4 ക്ലാസ്സ്

* ക്ലാസ്സ്തലത്തിൽ ബാലസഭ രൂപീകരിക്കുന്നു. ക്ലാസ്സ് തല ബാലസഭയുടെ ആഭിമുഖ്യത്തിൽ എല്ലാ വെള്ളിയാഴ്ചയും പരിപാടികൾ അവതരിപ്പിക്കുന്നു.

### ബാലസഭ സ്കൂൾ തലം

* ഓഗസ്റ്റ് മാസം സ്കൂൾ തല ബാലസഭ രൂപീകരിക്കുന്നു. ക്ലാസ്സ് തല ബാലസഭകളിൽ മികവ് പുലർത്തുന്നവർക്ക് സ്കൂൾ ബാലസഭയിൽ പരിപാടികൾ അവതരിപ്പിക്കാൻ അവസരം കൊടുക്കുന്നു. ഓഗസ്റ്റ് 31-നകം ഉപ-ജില്ലാ കലോത്സവത്തിൽ പങ്കെടുക്കേണ്ട കുട്ടികളെ തിരഞ്ഞെടുക്കുന്നു.

# സ്കൂൾ വാർഷികാഘോഷം

## പ്രവർത്തനങ്ങൾ

ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പിനും ഓരോ അധ്യാപകർക്ക് ചുമതല നൽകുന്നു. മത്സരങ്ങൾക്കായി അധ്യാപകരും രക്ഷിതാക്കളും കുട്ടികളെ ഒരുക്കുന്നു. പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ പ്രാദേശികമായി കിട്ടാവുന്ന ആളുകൾ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി പരിശീലനം നൽകുന്നു. വാർഷിക പൊതുയോഗത്തിൽ തീരുമാനിക്കുന്ന പ്രകാരം കലാകായിക മത്സരങ്ങൾ നടത്തുന്നു.

കലാകായിക മത്സരങ്ങളിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് വാർഷിക ദിനത്തിൽ അവസരം നൽകുന്നു. അനുമോദിക്കുന്നു.

എല്ലാം വിദ്യാർത്ഥികൾക്കും കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് വാർഷിക ദിനത്തിൽ അവസരം നൽകുന്നു.

# പ്രീ-പ്രൈമറി ക്ലാസ്

| പ്രോഗ്രാം (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലം (മാസം) | ചുമതല |
|---|---|---|---|
| > ചൊല്ലിക്കൊടുത്തും ചിത്രങ്ങൾ കണ്ടും, വാക്കുകൾ മനസ്സിലാക്കുക.<br>> കളിയിലൂടെ പഠനത്തെ ഉല്ലാസമാക്കി തീർക്കുക. | > കുട്ടികളുടെ വട്ടത്തിലിരുത്തി പരസ്പരം ഗുഡ്മോർണിംഗ് ചൊല്ലുന്നു.<br>> കുട്ടികൾ പരസ്പരം വാട്സ് യുവർ നെയിം? പോലെയുള്ള ചോദ്യങ്ങൾ ചോദിച്ച് രസിക്കുന്നു, പഠിക്കുന്നു. | ജൂൺ<br>ജൂലൈ | അധ്യാപിക<br>വിദ്യാർത്ഥികൾ |
| • കുട്ടികളുടെ സർഗ്ഗാത്മക ശേഷിയും മാനസിക വളർച്ചയും വർദ്ധിപ്പിക്കൽ<br>• സ്കൂളിൽ പാലിക്കേണ്ട മര്യാദകളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു | • മൃഗങ്ങളെയും, പച്ചക്കറികളും നിർമ്മിച്ച് ഐഡന്റിഫൈ ചെയ്യുന്നു.<br>• ചെറിയ ചെറിയ കളികളിലൂടെ ക്ലാസ്സ്റൂമിലെ മര്യാദകൾ കുട്ടികൾ മനസ്സിലാക്കുന്നു<br>Eg: Standup, Sit down, etc. | ജൂലൈ<br>ആഗസ്റ്റ് | അധ്യാപിക.<br>വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| • ആശയത്തിലൂടെ വാക്കുകളുടെ അർത്ഥം പിടിച്ചെടുക്കാൻ സഹായിക്കുന്നു.<br><br>• കുട്ടികൾ കഥ കേട്ടിരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക. | • ആംഗ്യപാട്ടുകൾ പാടി ഓരോ വാക്കിന്റെ പ്രാധാന്യം മനസ്സിലാക്കി കുട്ടികൾ ഇതിൽ പങ്കെടുക്കുന്നു.<br><br>• ചിത്രങ്ങൾ നോക്കി കഥ പറയാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. വാക്കുകളുടെ ഉച്ചാരണം കുട്ടികളിൽ വിപുലപ്പെടുത്താൻ കഴിയുന്നു. | ജൂലൈ ആഗസ്റ്റ്<br><br>ആഗസ്റ്റ് സെപ്റ്റംബർ | അധ്യാപിക വിദ്യാർത്ഥികൾ<br><br>അധ്യാപിക വിദ്യാർത്ഥികൾ |
| • കുട്ടികളിൽ വായനാപരമായ കഴിവ് വികസിപ്പിച്ചെടുക്കുക.<br><br>• എല്ലാത്തിനോടും താല്പര്യം വളർത്തിയെടുക്കുക. | • കൃത്യമായി ശബ്ദം കൊടുക്കാനും ഓരോ ശബ്ദം ഏതാണെന്ന് ഐഡന്റിഫൈ ചെയ്യാനും കുട്ടികൾ പഠിക്കുന്നു.<br><br>• കളറിംഗിലൂടെ വരയ്ക്കാനും എഴുതാനും തോന്നിപ്പിച്ചെടുക്കുന്നു. | സെപ്റ്റംബർ ഒക്ടോബർ | അധ്യാപിക വിദ്യാർത്ഥികൾ |
| • ചിത്രങ്ങൾ നോക്കി വാക്കുകൾ തിരിച്ചറിയാൻ കഴിയുക. | • മലയാള അക്ഷരങ്ങൾ കൊണ്ട് പാട്ട് പാടി അക്ഷരങ്ങൾ വ്യക്തമാക്കി ശബ്ദവും ചിത്രങ്ങൾ കാണിച്ച് ഓരോ ചിത്രവും ഏതാണെന്ന് മനസ്സിലാക്കാൻ കഴിയുന്നു. | സെപ്റ്റംബർ ഒക്ടോബർ | അധ്യാപിക വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| • മൃഗങ്ങളുടെ ചിത്രങ്ങൾ തിരിച്ചറിഞ്ഞ് അവയെ വേർതിരിക്കാൻ പഠിക്കുക.<br>• അനായാസേന എണ്ണാൻ പ്രാപ്തമാക്കുക. | • ഗണിതശാലയിലേക്ക് പോയാൽ ഈർക്കിലുകൾ എന്നിവ മുത്തുകൾ ഉപയോഗിച്ച് 1 മുതൽ 10 വരെ എണ്ണാൻ പഠിക്കുന്നു. 10 മുതൽ 20 വരെയും, 20 മുതൽ 30 വരെയും, 30 മുതൽ 40 വരെയും 40 മുതൽ 50 വരെയും എണ്ണി തിട്ടപ്പെടുത്തുന്നു. | ഒക്ടോബർ നവംബർ | അധ്യാപിക വിദ്യാർത്ഥികൾ |
| • എണ്ണം ആസ്വാദ്യകരമാക്കുന്നു. | • എണ്ണൽ പാട്ടുകൾ പാടിയും, നമ്പേഴ്സ് ഉപയോഗിച്ച് ചിത്രങ്ങൾ വരച്ചും കുട്ടികൾക്ക് ഇത് ആസ്വാദ്യകരമാക്കുന്നു. | ഒക്ടോബർ നവംബർ | അധ്യാപിക വിദ്യാർത്ഥികൾ |
| • പരിസരബോധം കുട്ടികളിൽ വളർത്തുന്നു. | • ചുറ്റുപാടുകളെക്കുറിച്ചും കുട്ടികളെ ബോധ്യപ്പെടുത്തി കുട്ടികൾക്ക് അറിയാവുന്ന മൃഗങ്ങളുടെ പേരുകൾ അവർ പറയുന്നു. വളർത്തു മൃഗങ്ങളെയും വന്യമൃഗങ്ങളെയും, പക്ഷികളെയും തരംതിരിക്കുന്നു. അവയുടെ പേരുകൾ ഇംഗ്ലീഷിൽ പറയാൻ പഠിക്കുന്നു. | നവംബർ ഡിസംബർ | അധ്യാപിക വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| • പാഠ്യ സഹായങ്ങൾ വലിച്ചെറിയാതെ സൂക്ഷിച്ച് അതിനെ കൊണ്ടുള്ള ഉപയോഗം കുട്ടികളിൽ മനസ്സിലാക്കിപ്പിക്കുക. | മുഖങ്ങളും, പൂമ്പാറ്റകളും ശേഖരിക്കുന്നു. അതുകൊണ്ട് അവർ വരച്ച ചിത്രങ്ങൾക്ക് മേലെ ഡിസൈൻ ചെയ്യുന്നു. അവർക്ക് പുതിയ അനുഭവമാകുന്നു. | ജനുവരി ഫെബ്രുവരി | അധ്യാപിക വിദ്യാർത്ഥികൾ |
| പഠനത്തിനോട് അടുപ്പം തോന്നിപ്പിക്കുക | ഇംഗ്ലീഷിൽ ചെറിയ വാക്കുകൾ എഴുതാൻ പഠിക്കുന്നു. കുട്ടികൾക്ക് വേഗം മനസ്സിലാകുവാൻ ആൽഫബെറ്റിന്റെ ശ്രേണി കാണിച്ച് കൊടുക്കുന്നു. | ജനുവരി ഫെബ്രുവരി | അധ്യാപിക വിദ്യാർത്ഥികൾ |
| കേട്ട കാര്യങ്ങൾ പറയാൻ അവസരം കൊടുക്കുക | പൊതുവായ കാര്യങ്ങൾ പുതിയ രീതിയിൽ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു. | ഫെബ്രുവരി മാർച്ച് | അധ്യാപിക വിദ്യാർത്ഥികൾ |
| മടികൂടാതെയും, ഉറച്ച ആത്മവിശ്വാസത്തോടെ കലാകായിക പ്രവർത്തനങ്ങൾ ചെയ്യാൻ പ്രാപ്തമാക്കുക. | ഒഴിവുസമയങ്ങളിൽ കലാപരമായ അവബോധം കുട്ടികളിൽ വളർത്താൻ വേണ്ട ക്ലാസ്സുകൾ കൊടുക്കുന്നു. അങ്ങനെ കുട്ടികൾക്ക് പഠനത്തോടും, ഡാൻസ്, വര ഇനങ്ങളിലും താൽപര്യം ചെലുത്തുന്നു. | ഫെബ്രുവരി മാർച്ച് | അധ്യാപിക വിദ്യാർത്ഥികൾ |

| മലയാളം | | | |
| --- | --- | --- | --- |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| അക്ഷരങ്ങൾ, പദങ്ങൾ എന്നിവയുടെ ശബ്ദരൂപം ലിപി രൂപവും തിരിച്ചറിഞ്ഞ് വായിക്കുന്നു, എഴുതുന്നു. | * അക്ഷരങ്ങൾ ചേർത്ത് പദനിർമ്മാണം | ഒരു വർഷം | അധ്യാപകർ വിദ്യാർത്ഥികൾ |
| കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു. | * വായനാക്കാർഡ് നിർമ്മാണം<br>* ക്ലാസ് ലൈബ്രറി (വിവിധ പാഠങ്ങൾ, ചിത്രങ്ങൾ അടിസ്ഥാനമാക്കി) | സെപ്തംബർ-മാർച്ച് | വിദ്യാർത്ഥികൾ അധ്യാപകർ |
| ചിഹ്നങ്ങൾ, അക്ഷരങ്ങൾ ഇവ ഉറപ്പിക്കുന്നതിന് | * ചിഹ്നങ്ങൾ ഇല്ലാത്ത വർക്ക്ഷീറ്റുകൾ നൽകി അനുയോജ്യമായ ചിഹ്നങ്ങൾ ചേർക്കുന്നു. | ജൂൺ-ഫെബ്രുവരി | അധ്യാപകർ |
| സ്വതന്ത്ര രചനയിലേർപ്പെടുന്നു. | * കൈയ്യെഴുത്ത് മാസിക (ചിത്രങ്ങളും സന്ദർഭങ്ങളും കോർത്തിണക്കി) | ജനുവരി-മാർച്ച് | വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| അക്ഷരങ്ങൾ ഉറപ്പിക്കാൻ | * അക്ഷരപ്പാട്ട്<br>* അക്ഷരക്കളികൾ<br>* അക്ഷരകാർഡുകൾ<br>* കുട്ടികളെ മനസ്സിലാക്കി കൊണ്ടു തന്നെ നൽകുന്ന പ്രവർത്തനങ്ങൾ. | ജൂൺ | അധ്യാപകർ |
| വാക്യനിർമ്മാണം | * പദജോഡികളെ ഉപയോഗിച്ച് വാക്യം നിർമ്മിക്കാൻ. | നവംബർ | വിദ്യാർത്ഥികൾ |
| അക്ഷരത്തെറ്റില്ലാതെ എഴുതാൻ. | * അക്ഷരകാർഡുകൾ നൽകി വായന, എഴുത്ത്, ചിത്രപ്രദർശനം, കഥയുണ്ടാക്കൽ.<br>* പരിചിതമായ വിഷയം നൽകി കവിത എഴുതിക്കൽ.<br>* ചുറ്റുപാട് നിരീക്ഷിച്ച് വിവരണം തയ്യാറാക്കൽ. | ഡിസംബർ | അധ്യാപകർ, വിദ്യാർത്ഥികൾ |
| വാക്യനിർമ്മാണം | * പദജോഡികളെ ഉപയോഗിച്ച് വാക്യം നിർമ്മിക്കാൻ.<br>ഉദാ: [illegible] | ജനുവരി | വിദ്യാർത്ഥികൾ |
| ചിന്താശേഷി വർദ്ധിപ്പിക്കൽ | * കടങ്കഥകൾക്ക് ഉത്തരം കണ്ടെത്തൽ<br>* സ്വയം കടങ്കഥ നിർമ്മാണം. | ജനുവരി | വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| ആശയാവിഷ്കാരം | * ചിത്രം പ്രദർശിപ്പിച്ച് ഭാവനാ പൂർണ്ണമായ കഥയുണ്ടാക്കൽ.<br>* ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ<br>* പരിചിതമായ ചിത്രങ്ങളോ വസ്തുക്കളോ കാണിച്ച് സ്വതന്ത്ര ആവിഷ്കാരം. (കഥ, കവിത, വിവരണം മുതലായവ)<br>* കുട്ടികളുടെ സ്വന്തം സൃഷ്ടികൾ ഉൾപ്പെടുത്തിയ പതിപ്പുകൾ | ജനുവരി<br>ഫെബ്രുവരി | വിദ്യാർത്ഥികൾ |
| വ്യത്യസ്ത വ്യവഹാര രൂപങ്ങൾ നിർമ്മിക്കൽ | * അറിയിപ്പ്, നോട്ടീസ്, ക്ഷണക്കത്ത്, പോസ്റ്റർ തുടങ്ങിയവ നിർമ്മിക്കൽ | മാർച്ച് | വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| ▶ ഭാഷ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | * പ്രീ ടെസ്റ്റ്<br>* അക്ഷരപ്പാട്ട്<br>* അക്ഷരക്കളികൾ<br>* ചിഹ്നങ്ങൾ ഉറപ്പിക്കുക<br>* വിട്ടഭാഗം പൂരിപ്പിക്കൽ | ജൂൺ ജൂലൈ | അധ്യാപകർ വിദ്യാർത്ഥികൾ |
| ▶ വാക്യനിർമ്മാണം, അക്ഷരത്തെറ്റില്ലാതെ എഴുതാൻ. | * ചുറ്റുപാടും നിരീക്ഷിച്ച് വിവരണം തയ്യാറാക്കൽ.<br>* യൂണിറ്റ് ടെസ്റ്റ് | ആഗസ്റ്റ് | വിദ്യാർത്ഥികൾ |
| ▶ ഭാഷയിൽ ആശയപ്രകടനത്തിനുള്ള വ്യത്യസ്ത വഴികൾ കണ്ടെത്തുക. | * ആലാപനം, അഭിനയം, ചിത്രംവരയ്ക്കൽ, ഭാഷണം, ഉച്ചാരണശുദ്ധി, സ്പഷ്ടത എന്നിവയൊക്കെ പരിഗണിക്കുക. | സെപ്റ്റംബർ ഒക്ടോബർ | വിദ്യാർത്ഥികൾ |
| ▶ ആസ്വാദനത്തിനായി വായനയിൽ ഏർപ്പെടുക. | * വായനാവീട് - ആകർഷകമായ ചിഹ്നങ്ങളും ചിത്രങ്ങളും കൊണ്ട് അലങ്കരിച്ച് കുട്ടികളെ വായനയിലേക്ക് പ്രോത്സാഹിപ്പിക്കുക.<br>* ബാലമാസികൾ, ക്ലാസ് ലൈബ്രറി എന്നിവ പ്രയോജനപ്പെടുത്തുക.<br>* ബാലമാസികകൾ, ക്ലാസ് ലൈബ്രറി എന്നിവ പ്രയോജനപ്പെടുത്തുക. | നവംബർ ഡിസംബർ | അധ്യാപകർ വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| ▶ പാഠഭാഗത്തിൽ കൂടുതൽ ശേഷികൾ നേടൽ | * യൂണിറ്റ് ടെസ്റ്റ് നടത്തുക<br>* ഗ്രൂപ്പിൽ പറയാമോ ?<br>* ചോദ്യങ്ങൾ നിർമ്മിക്കുക | ജനുവരി | അധ്യാപകർ |
| ▶ നേടിയ ശേഷികൾക്ക് അനുസരിച്ച് ചെറിയ വ്യവഹാര രൂപങ്ങൾ നിർമ്മിക്കൽ | * 'മഹാന്മാരുടെ കുട്ടിക്കാലം' എന്ന പതിപ്പ് തയ്യാറാക്കുക.<br>* കടംകഥകൾ ,കത്തുകൾ<br>* യൂണിറ്റ് ടെസ്റ്റ് പാഠാവസാനം. | ഫെബ്രുവരി മാർച്ച് | അധ്യാപകർ |
| ▶ തെറ്റുകൂടാതെ ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് നേടൽ | * പ്രീ ടെസ്റ്റ്.<br>* ആവശ്യമായ വർക്ക് ഷീറ്റുകൾ നൽകി നിള, കബനി, പെരിയാർ – ഗ്രൂപ്പ് തിരിക്കൽ.<br>* ബാലസഭ | ജൂൺ | അധ്യാപകർ വിദ്യാർത്ഥി-കൾ |
| ▶ അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ. | * ടെസ്റ്റ് പേപ്പർ<br>* അക്ഷരങ്ങൾ, ചിഹ്നങ്ങൾ. എന്നിവ ഉറപ്പി-ക്കുന്നതിനുള്ള അക്ഷരപ്പാട്ട് ചിത്രങ്ങൾ പരിചയിക്കൽ. | ജൂലൈ | അധ്യാപകർ വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| ▶ പാഠഭാഗങ്ങളിൽ നേടേണ്ട ശേഷികൾ നേടൽ | * ടെസ്റ്റ് പേപ്പർ<br>* തെറ്റാതെ പറയാമോ ?<br>* എത്ര പദങ്ങൾ?<br>* വേഗത്തിൽ പറയാമോ ?<br>തെറ്റാതെ പറയാമോ ?<br>* വായന സഞ്ചി ബാലസഭ | ഓഗസ്റ്റ് | വിദ്യാർത്ഥികൾ |
| ▶ തെറ്റുകൂടാതെ വായിക്കാനുള്ള കഴിവ് നേടൽ | * പ്രീ ടെസ്റ്റ് .<br>* ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ<br>* വായനാ മത്സരം നടപ്പിലാക്കും<br>* പാഠഭാഗം , ബാലമാസികകൾ , ലൈബ്രറി പുസ്തകങ്ങൾ എന്നിവ ഉപയോഗിച്ചുകൊണ്ട് കുട്ടികളെ ഗ്രൂപ്പുകളാക്കി നിലവാരത്തിനനുസരിച്ച് മത്സരം സംഘടിപ്പിക്കൽ.<br>* ബാലസഭ | സെപ്റ്റംബർ<br>ഒക്ടോബർ | അധ്യാപകർ<br>വിദ്യാർത്ഥികൾ |
| ▶ നേടിയ ശേഷികൾക്ക് അനുസരിച്ച് ചെറിയ വ്യവഹാരരൂപങ്ങൾ നിർമ്മിക്കൽ | * ഓരോ പാഠഭാഗം കഴിയുന്നതിന് അനുസരിച്ച് ടെസ്റ്റ് പേപ്പർ നടത്തൽ , വായനസാമഗ്രികൾ. | നവംബർ | അധ്യാപിക |
| | * വ്യത്യസ്ത നിലവാരത്തിലുള്ളവർക്ക് ചിത്ര പ്രവർത്തനങ്ങൾ നൽകൽ , വായനാ സാമഗ്രികൾ | ഡിസംബർ | അധ്യാപകർ |
| | * വിവിധ ഭാഷകളിൽ പാഠഭാഗത്തിൽ നിന്നും ചോദ്യങ്ങൾ നിർമ്മിക്കൽ. | | |

| | | | |
|---|---|---|---|
| ▶ നേടിയ ശേഷികൾ ഉപയോഗിച്ചു കൊണ്ട് ഉയർന്ന തലത്തിലൂടെ വ്യവഹാരരൂപത്തിൽ നിർവഹിക്കൽ | * വ്യത്യസ്ത സന്ദർഭങ്ങൾ നൽകി വിവിധ തരത്തിലൂടെ വ്യവഹാര രൂപങ്ങൾ നിർമ്മിക്കൽ.<br>* കഥ, കവിത, വിവരണം, കുറിപ്പ്, നോട്ടീസ്, ഒക്കെ നിർമ്മാണ പ്രവർത്തനങ്ങൾ<br>* ബാലസഭ<br>* ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ | ജനുവരി ഫെബ്രുവരി | അധ്യാപകർ വിദ്യാർത്ഥികൾ |
| ▶ വ്യവഹാര രൂപങ്ങളുടെ പ്രദർശനം | * പി.ടി.എ, എം.പി.ടി.എ എന്നിവരുടെ സഹകരണത്തോടെ വ്യവഹാര രൂപങ്ങളുടെ പ്രദർശനം നടത്തൽ.<br>* ബാലസഭ | മാർച്ച് | പി.ടി.എ അധ്യാപകർ വിദ്യാർത്ഥികൾ |
| ▶ കൈയെഴുത്തുമാസിക | * കുട്ടികളുടെ കൈയെഴുത്തു മാസിക നിർമ്മാണം<br>* ബാലസഭ<br>* പൊതുപരിപാടിയിൽ കൈയെഴുത്തു-മാസികയുടെ പ്രകാശനം നടത്തൽ | മാർച്ച് | വിദ്യാർത്ഥികൾ |

# ENGLISH

| Aims | Activities | Duration | Charge |
|---|---|---|---|
| • To ensure the alphabets | • pretest<br>• Words Making<br>• Fill in the blanks | June | Teachers. |
| • To develop the vocabulary of children | Story telling - By using different strategies says the same story. Denotes the particular words. | August to June | Teachers CPTA |
| • To increase the ability of reading and writing | • Class room library - reading Cards<br>• story developing<br>• Conversation Making | September to March | Teacher students CPTA |
| • To empowering English Language | • Morning Assembly (English Assembly)<br>• Speech<br>• Introducing of library books | October to March | Teacher students |

| | | | |
|---|---|---|---|
| • To increase the ability in writing | • write short description based on pictures.<br>• Making simple poems and conversation<br>• sequencing events of the story.<br>• circle the word from text book and write | September to October | Teachers |
| • professional activities | Mask making | January | Teachers |
| • Developing skills | Roleplay, Story telling, Sings songs or poems with proper rhythm and actions solving puzzles | February To March | Students |
| • To create more opportunities for English speaking in the class room | • Reading many books<br>• spoken english class<br>• understand simple questions begining with 'what' 'when' etc.. | October November | Teachers Students |

| | | | |
|---|---|---|---|
| • To make sentences with words | • Test paper<br>• make simple sentences with words they learn and find out it's meaning Discourses, Description<br>• Use of ICT Facility. | September December | Teachers |
| • To raise the level of communicative and language skill | • Test paper<br>• practice pronunciations with letter for backward students | November December | Teachers |
| • To prepare English manuscript | • English assembly once in a week conducted by students<br>• Use of ICT Facility.<br>• Class test<br>• To prepare english manuscript including students script like poem, story, picture, puzzle etc... | January<br><br>February | Students<br><br>Teachers |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ▶ ശാസ്ത്ര പ്രക്രിയാശേഷികളായ നിരീക്ഷണം വർഗ്ഗീകരണം ഇവയുടെ വികസനം. | ▶ വരൂ.. അഭിനയം ആവാം.<br>▶ നമ്മുടെ പരിസരത്തുള്ള ചെടികൾ- ഭക്ഷ്യയോഗ്യമായവ.<br>▶ ജൈവ പച്ചക്കറിത്തോട്ടം, ഉദ്യാനം എന്നിവയുടെ പരിപാലനത്തിൽ താത്പര്യപൂർവ്വം പങ്കെടുക്കുന്നു.<br>▶ കൃഷിയിടത്തിലേക്കുള്ള ഫീൽഡ് ട്രിപ്പുകൾ അതിൽ പങ്കാളികളാകാൻ കുട്ടികൾക്ക് അവസരം ഒരുക്കുന്നു.<br>▶ ഇല ആൽബം നിർമ്മാണം. | ആഗസ്റ്റ് നവംബർ | അധ്യാപകർ രക്ഷിതാക്കൾ വിദ്യാർത്ഥികൾ |
| ▶ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് കഴിവ് നേടുന്നു. | ▶ ലഘുപരീക്ഷണം - മാജിക് മാജിക്! നമ്മുടെ ചുറ്റുപാടുമുള്ള ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. ഉദാ: ചെമ്പരത്തിപ്പൂവിന് ചെറുനാരങ്ങ പിഴിഞ്ഞ് കൊണ്ട് നിറം മാറ്റുന്നു. | ജൂൺ ജനുവരി | അധ്യാപകർ രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| ▶ വസ്തുക്കളിലെ സാദൃശ്യ വ്യത്യാസങ്ങൾ കണ്ടെത്തി നാം തരം തിരിക്കുന്നതിന് | ▶ ഭാഷണം : ചിത്രങ്ങൾ, വസ്തുക്കൾ എന്നിവ ശേഖരിച്ച് ഒട്ടിച്ച് ആൽബം തയ്യാറാക്കുന്നു.<br>▶ വ്യത്യാസങ്ങൾ തിരിച്ചറിയുന്നു.<br>▶ ഐ.സി.ടി സാധ്യതകളും പ്രയോജനപ്പെടുത്തുന്നു. | ജനുവരി മാർച്ച് | അധ്യാപകർ |
| ▶ പരിസരവുമായി ബന്ധപ്പെട്ട സ്ലോഗനുകൾ | ▶ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വിളിച്ചറിയിക്കുന്ന പോസ്റ്ററുകൾ തയ്യാറാക്കുന്നു.<br>▶ എനിക്കറിയാം 2<br>▶ പ്രകൃതി നടത്തം. | ജൂൺ ജൂലൈ | അധ്യാപകർ |
| ▶ ഓരോ പാഠഭാഗങ്ങളിലും ഉണ്ടാകേണ്ട ശേഷി എന്ത് എന്ന് മനസ്സിലാക്കു-ന്നു. | ▶ ടെസ്റ്റ് പേപ്പർ<br>▶ ചുറ്റുപാടിനെക്കുറിച്ച് അവബോധം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ.<br>▶ വർക്ക് ഷീറ്റുകൾ നൽകി കുട്ടികൾ പരിശീലിക്കൽ.<br>▶ മാസത്തിലൊരു ക്ലാസ് ടെസ്റ്റ് | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | അധ്യാപകർ |

| | | | |
|---|---|---|---|
| ► കുട്ടികളിൽ ശാസ്ത്രാഭിരുചി സൃഷ്ടിക്കുക. | ► ശാസ്ത്രക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ.<br>► ക്വിസ് മത്സരം<br>► പരീക്ഷണ - നിരീക്ഷണങ്ങൾ<br>► ലഘു പ്രൊജക്ട് വർക്കുകൾ<br>► ടെസ്റ്റ് പേപ്പർ | നവംബർ ഡിസംബർ | അധ്യാപകർ വിദ്യാർത്ഥികൾ |
| ► ശാസ്ത്രമേള. സംഘടിപ്പിക്കൽ | ► ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം പരിചയപ്പെടൽ<br>► വ്യത്യസ്ത ശാസ്ത്രമേളകൾ സംഘടിപ്പിക്കൽ<br>► ക്ലാസ്സ് ടെസ്റ്റ് | ജനുവരി | അധ്യാപകർ വിദ്യാർത്ഥികൾ |
| ► ശാസ്ത്ര മാസിക തയ്യാറാക്കൽ | ► ശാസ്ത്ര ക്ലബ്ബിലെ അംഗങ്ങളുടെ സഹായത്തോടെ ശാസ്ത്ര മാസിക തയ്യാറാക്കൽ.<br>► ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ.<br>► ടെസ്റ്റ് പേപ്പർ | ഫെബ്രുവരി | വിദ്യാർത്ഥികൾ |
| ► ശാസ്ത്ര മാസിക പ്രകാശനം | ► തയ്യാറാക്കിയ ശാസ്ത്ര മാസികയുടെ പ്രകാശനം നടത്തൽ | മാർച്ച് | അധ്യാപകർ വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| ▶ നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക. | ▶ പ്രീ ടെസ്റ്റ്<br>▶ [illegible]<br>▶ [illegible] നടത്തൽ | ജൂൺ ജൂലൈ | അധ്യാപകർ |
| ▶ കുട്ടികളിൽ ശാസ്ത്ര അവബോധം സൃഷ്ടിക്കുക. | ▶ നിരീക്ഷണം<br>▶ ശാസ്ത്രവുമായി ബന്ധപ്പെട്ട ക്വിസ് ചോദ്യങ്ങൾ ശേഖരിപ്പിക്കുക.<br>▶ ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തുക | ആഗസ്റ്റ് സെപ്തംബർ | അധ്യാപകർ വിദ്യാർത്ഥികൾ |
| ▶ ശാസ്ത്രമേളകൾ സംഘടിപ്പിക്കൽ. | ▶ ശാസ്ത്രജ്ഞന്മാരുടെ ദിനാചരണം അസംബ്ലിയിൽ അവതരിപ്പിക്കുക.<br>▶ വ്യത്യസ്ത ശാസ്ത്രമേളകൾ സംഘടിപ്പിക്കുക. | ഒക്ടോബർ നവംബർ | അധ്യാപകർ വിദ്യാർത്ഥികൾ |
| ▶ ഓരോ പാഠഭാഗത്തിലും നേടേണ്ട ശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുക. | ▶ വർക്ക് ഷീറ്റുകൾ നൽകി ശേഷികൾ പരിശോധിക്കൽ.<br>▶ ശാസ്ത്രക്വിസ് നടത്തുക.<br>▶ പാഠാവസാനം യൂണിറ്റ് ടെസ്റ്റ് നടത്തുക. | ഡിസംബർ ജനുവരി | അധ്യാപകർ വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| ▶ ചെറിയ കഥകൾക്ക് അനുസരിച്ച് ചെറിയ വ്യവഹാര രൂപങ്ങൾ നിർമ്മിക്കൽ. | ▶ പരിസര നിരീക്ഷണ പ്രവർത്തനങ്ങൾ<br>▶ പോസ്റ്റർ നിർമ്മാണം.<br>▶ യൂണിറ്റ് ടെസ്റ്റ് നടത്തുക.<br>▶ ഫ്ലാഷ് കാർഡ് നിർമ്മാണം. | ഫെബ്രുവരി മാർച്ച് | അധ്യാപകൻ വിദ്യാർത്ഥികൾ |
| ▶ വ്യക്തിശുചിത്വ ശീലങ്ങൾ | ▶ ചിത്രങ്ങൾ, ഐ.സി.ടി സഹായം | ജൂൺ | അധ്യാപകൻ |
| ▶ രോഗങ്ങളെക്കുറിച്ചുള്ള ധാരണ | ▶ ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം.<br>▶ ഐ.സി.ടി സഹായം പ്രയോജനപ്പെടുത്തുക | ജൂലൈ | അധ്യാപകൻ |
| ▶ നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് സൂക്ഷ്മബോധം കുട്ടികളിൽ ഉണ്ടാക്കൽ | ▶ സ്കൂൾ പരിസരം നിരീക്ഷിച്ച് ചുറ്റുപാടുള്ള സസ്യങ്ങളെക്കുറിച്ചും ജീവികളെക്കുറിച്ചും നിരീക്ഷണം. ഫീൽഡ് ട്രിപ്പ് | ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | അധ്യാപകൻ |
| ▶ കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക.<br>പാഠഭാഗവുമായി ബന്ധപ്പെട്ട ശേഷികൾ നേടി എന്ന് ഉറപ്പ് വരുത്തുക. | ▶ നിരീക്ഷണം ശാസ്ത്രവിഷയവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കൽ, ക്വിസ് മത്സരം സംഘടിപ്പിക്കൽ.<br>▶ പാഠാവസാനം യൂണിറ്റ് ടെസ്റ്റ് നടത്തൽ<br>▶ പോസ്റ്റർ നിർമ്മാണം.<br>▶ ഫ്ലാഷ് കാർഡ് നിർമ്മാണം. | നവംബർ ഡിസംബർ ജനുവരി ഫെബ്രുവരി മാർച്ച് | അധ്യാപകൻ വിദ്യാർത്ഥികൾ |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * 1 മുതൽ 20 വരെ സംഖ്യകൾ എണ്ണുന്നു. എഴുതുന്നു. തൊട്ട് മുമ്പ് ശേഷമുള്ളത് കണ്ടെത്തുന്നു. | * സംഖ്യാറിബ്ബൺ<br>എല്ലാ കുട്ടികൾക്കും 1 മുതൽ 20 വരെ സംഖ്യകൾ എഴുതിയ സംഖ്യാറിബ്ബൺ കുട്ടികളുടെ സഹകരണത്തോടെ നിർമ്മിച്ച് നൽകുന്നു. | * ജൂൺ<br>സെപ്റ്റംബർ | അധ്യാപകർ<br>വിദ്യാർത്ഥികൾ<br>പി.ടി.എ. |
| * വസ്തുക്കളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിന് | * സംഖ്യാചക്രം<br>ചക്രത്തിന്റെ സെന്ററിൽ വരുന്ന സംഖ്യ ഉത്തരമായി വരുന്ന തരത്തിൽ ഗണിത വസ്തുതകൾ ഉൾപ്പെടുത്തി സംഖ്യാചക്രം രൂപീകരിക്കുന്നു. | സെപ്റ്റംബർ<br>ഫെബ്രുവരി | അധ്യാപകർ |
| * രണ്ട് സംഖ്യകളുടെ തുക കാണുന്നത് ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 20-ൽ താഴെയുള്ള വ്യവകലനക്രിയ പരിഹരിക്കുന്നു. | * ഗണിതം മന:കണക്കായി<br>ഡൈസ് ഉപയോഗിച്ച്, സംഖ്യാചതുരത്തിൽ എഴുതിയ സംഖ്യകളിൽ എറിയുന്നു. ഉത്തരം മനക്കണക്കായി പറയുന്നു. | ജനുവരി<br>മാർച്ച് | അധ്യാപകർ<br>വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| * സംഖ്യാബോധം | * വസ്തുക്കൾ ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പുവരുത്തുന്നു.<br>* ഗണിത കിറ്റുകളുടെ ഉപയോഗം<br>* മാന്ത്രിക കളങ്ങൾ | ജൂൺ ജൂലൈ | അധ്യാപകർ |
| * സങ്കലനം | * ചിത്രങ്ങളും വസ്തുക്കളും ഉപയോഗിച്ച് കൂട്ടുന്ന പ്രവർത്തനങ്ങൾ നൽകുന്നു.<br>ഗണിതകളികൾ | ആഗസ്റ്റ് സെപ്റ്റംബർ | അധ്യാപകർ |
| * വ്യവകലനം | * കച്ചവടകളികളിലൂടെ കുട്ടികൾ സ്വയം വ്യവകലന പ്രക്രിയകളിൽ ഏർപ്പെടുന്നു | ഒക്ടോബർ നവംബർ | |
| * കലണ്ടർ പരിചയപ്പെടൽ | * കുട്ടികൾ സ്വയം നിർമ്മിച്ച കലണ്ടർ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു അതിൽ നിന്ന് വ്യത്യസ്തമായ പാറ്റേണുകൾ ഗണിത പ്രവർത്തനങ്ങൾ നിർമ്മിക്കുന്നു. | ഡിസംബർ | വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| * ചിന്താശേഷി വർദ്ധിപ്പിക്കാൻ | * അബാക്കസ് നിർമ്മാണം<br>സംഖ്യ കാർഡ് നിർമ്മാണം<br>ഐ.സി.ടി സാധ്യത ഉപയോഗിക്കാൻ | ജനുവരി | വിദ്യാർത്ഥികൾ |
| * ഗണനം | * സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിച്ചെഴുതിയ ചാർട്ട് പ്രദർശനം<br>ആവർത്തന സംഖ്യാ വ്യാഖ്യാനം<br>ഐ.സി.ടി സാധ്യത | ഫെബ്രുവരി | അധ്യാപകർ |
| * സ്ഥാനത്തെക്കുറിച്ചുള്ള ബോധം | * ഐ.സി.ടി സാധ്യത<br>കാർഡ്ബോർഡ് ഉപയോഗിച്ച് ക്ലോക്ക് നിർമ്മാണം | മാർച്ച് | അധ്യാപകർ<br>വിദ്യാർത്ഥികൾ |
| * എല്ലാ കുട്ടികളിലും സംഖ്യാബോധം ഉറപ്പാക്കുക. | * പ്രീ ടെസ്റ്റ്<br>വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കാൻ ഗണിത കേളി, സംഖ്യാഗാനം വിനോദ കണക്കുകൾ | ജൂൺ മുതൽ | അധ്യാപകർ<br>വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| * 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | * സംഖ്യാ ചാർട്ടുകൾ<br>നാണയങ്ങൾ<br>കളിനോട്ടുകൾ | ജൂലൈ<br>ആഗസ്റ്റ് | അധ്യാപകർ<br>വിദ്യാർത്ഥികൾ |
| * സങ്കലന - വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. | * മനഃകണക്കുകൾ<br>നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>ഒത്തുചേർന്നാൽ<br>വഞ്ചാടി കളി<br>ക്ലാസ്സ് ടെസ്റ്റ് | സെപ്റ്റംബർ | അധ്യാപകർ<br>വിദ്യാർത്ഥികൾ |
| * ചതുരം, ത്രികോണം വൃത്തം എന്നീ രൂപങ്ങ തെളിയിച്ചുള്ള ധാരണ നൽകുന്നു. | * ഈർക്കിലുകൾ, കമ്പുകൾ എന്നിവയൊക്കെ ഉപയോഗിച്ച് ചതുരം, ത്രികോണം എന്നിവ നിർമ്മിക്കുന്നു. | ഒക്ടോബർ | അധ്യാപകർ<br>വിദ്യാർത്ഥികൾ |
| * ഗുണന വസ്തുതകൾ സ്വായത്തമാക്കൽ | * ഗണിത കേളി<br>ഗണിത ക്വിസ്<br>മനക്കണക്കുകൾ<br>ക്ലാസ്സ് ടെസ്റ്റ് | നവംബർ<br>ഡിസംബർ | അധ്യാപകർ<br>കുട്ടികൾ |

| | | | |
|---|---|---|---|
| * വിവിധ തരത്തിലുള്ള പാഠങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | * ഗണിതക്ലബ്ബ് പ്രവർത്തനങ്ങൾ<br>വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ<br>ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തൽ | ജനുവരി | അധ്യാപകർ |
| * ഗണിതകേളികളുമായി ബന്ധപ്പെട്ട അടിസ്ഥാന വസ്തുതകൾ ഉറപ്പിക്കൽ | * നിത്യജീവിതവുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ നൽകുക.<br>ഐ.സി.ടി സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുക.<br>ഗണിത ക്വിസ്, മത്സരങ്ങൾ<br>ക്ലാസ്സ് ടെസ്റ്റ്. | ഫെബ്രുവരി<br>മാർച്ച് | അധ്യാപകർ<br>കുട്ടികൾ |
| * ഗണിത മാഗസിൻ നിർമ്മാണം. | * ഗണിത മാഗസിൻ നിർമ്മിച്ച് പ്രകാശനം നടത്തൽ<br>ഐ.സി.ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ | മാർച്ച് | അധ്യാപകർ<br>കുട്ടികൾ |

| | | | |
|---|---|---|---|
| * കണക്കുപെട്ടി | * ഗണിതക്രിയകൾക്കും പ്രവർത്തനങ്ങൾക്കും ആവശ്യമായ സാധനങ്ങൾ ശേഖരിക്കാൻ | ജൂൺ | അധ്യാപകർ വിദ്യാർത്ഥികൾ |
| | * കളിനോട്ടുകൾ<br>* പെൻസിലുകൾ<br>* മഞ്ചാടി.<br>* കമ്പുകൾ<br>* പാറ്റേണുകൾ<br>* ജ്യാമിതിയ രൂപങ്ങൾ<br>* കത്രിക, പശ, പേപ്പർ | ജൂൺ<br>മാർച്ച് | |
| | * ഗണിത ഉൽപന്നങ്ങളുടെ ശേഖരണം. | | |
| | * ഗണിത ഉൽപന്നങ്ങളുടെ പ്രദർശനം | പഠനോത്സവം | |

# ഉപസംഹാരം

വിദ്യാലയ മികവ് എന്നതുകൊണ്ട് ലക്ഷ്യമിടുന്നത് അക്കാദമിക മികവ് തന്നെയാണ്. കുട്ടി നേടേണ്ട പഠനനേട്ടങ്ങളോടൊപ്പം സർവ്വവികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

അധ്യാപകരുടെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സർക്കാരിന്റെയും കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ നമുക്കിത് പൂർണ്ണ ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കുകയുള്ളൂ.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്ത് സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള മാർഗ്ഗരേഖ പൊതുസമൂഹത്തിന് മുമ്പിൽ സമർപ്പിക്കുന്നു.